പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3645 — 10.04.2013 - ൽ മറുപടിയ്ക്ക്

## സാമൂഹ്യസുരക്ഷാമിഷനിലെ നിയമനം

ചോദ്യം — ഉത്തരം

ശ്രീ. വി. ശിവൻകുട്ടി

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിലെ സാമൂഹ്യസുരക്ഷാ മിഷൻ അഡ്മിനിസ്ട്രേറ്റീവ് കം അക്കൗണ്ട്സ് ഓഫീസറുടെ വിദ്യാഭ്യാസ യോഗ്യതകൾ വ്യക്തമാക്കുമോ ; | (എ) | നിലവിലെ സാമൂഹ്യസുരക്ഷാ മിഷൻ അഡ്മിനിസ്ട്രേറ്റീവ് കം അക്കൗണ്ട്സ് ഓഫീസറുടെ വിദ്യാഭ്യാസ യോഗ്യത കൾ SSLC യും ITI ഉം ആണ്. |
| (ബി) | ഈ ഉദ്യോഗസ്ഥൻ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ഏതെങ്കിലും ജില്ലാതല ഓഫീസിന്റെ ചുമതലയോ, വകുപ്പിന്റെ ഡയറക്ടറേറ്റിൽ ഏതെങ്കിലും സെക്ഷന്റെ ചുമതലയോ വഹിച്ചി ട്ടുള്ളയാളാണോ; | (ബി) | ടിയാൾ ജില്ലാതല ഓഫീസിന്റെ ചുമതല വഹിച്ചിട്ടില്ല. എന്നാൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ 29.11.2008 മുതൽ 25.09.2009 വരെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 'ഡി' സെക്ഷന്റെയും, തുടർന്ന് 2010 ജനുവരി മാസം വരെ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഓഡിറ്റ് സെല്ലിന്റെയും ചുമതല വഹിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത വ്യക്തിയെ മേല്പറഞ്ഞ തസ്തികകളിൽ നിയമിച്ചതു സംബന്ധിച്ചുള്ള എല്ലാ ഉത്തരവുകളും ലഭ്യമാ ക്കുമോ ? | (സി) | അനുബന്ധമായി ചേർക്കുന്നു |

R. Vijayan (signature)

സെക്ഷൻ ഓഫീസർ

# സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടിക്രമങ്ങൾ

ഉത്തരവ് നം. ഇ1/ 43401/09

തിരുവനന്തപുരം,
തീയതി 22.9.09

വിഷയം : സാമൂഹ്യക്ഷേമം - ജീവനക്കാര്യം - ക്ഷേമസ്ഥാപന സൂപ്രണ്ട്/ സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം - സ്ഥലം മാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 18-06-09 തീയതിയിലെ ഡിപിസി (ലോവർ) മീറ്റിങ് മിനിറ്റ്സ്
2. സർക്കാർ കത്ത് നമ്പർ 5520/എ1/09/ സാ.ക്ഷേ.വ. തീയതി 17-09-09.

സാമൂഹ്യക്ഷേമ വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം, ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മറ്റി (ലോവർ) 18-06-09 ൽ ചേരുകയും പ്രോഗ്രാം ആഫീസർ/ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I/ പ്രോജക്ട് ആഫീസർ, യു.എസ്.എൻ.പി തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റത്തിന് അർഹരായ ജീവനക്കാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും പ്രസ്തുത ലിസ്റ്റ് പരാമർശം രണ്ട് പ്രകാരം സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റിൽ താഴെ പറയുന്ന ജീവനക്കാർ ഉൾപ്പെടുന്നു:

1. ശ്രീ.പി.ജെ.ജെയിംസ്,
   സ്റ്റോർകീപ്പർ -കം- ലോജിസ്റ്റിക് ആഫീസർ, എറണാകുളം
2. ശ്രീ. എം. ഫ്രാൻസിസ്,
   ജൂനിയർ സൂപ്രണ്ട് , ജില്ലാ സാമൂഹ്യക്ഷേമ ആഫീസ്, കണ്ണൂർ
3. ശ്രീ. സിൽവെസ്റ്റർ ഫെർണാണ്ടസ്,
   ജൂനിയർ സൂപ്രണ്ട് , ജില്ലാ സാമൂഹ്യക്ഷേമ ആഫീസ്, തൃശ്ശൂർ
4. ശ്രീ. എൽ. രാജൻ,
   ജൂനിയർ സൂപ്രണ്ട്, സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്
5. ശ്രീ. എം.എം.മോഹൻദാസ്,
   ജൂനിയർ സൂപ്രണ്ട്, ജില്ലാ സാമൂഹ്യക്ഷേമ ആഫീസ്, കോട്ടയം
6. ശ്രീ. കെ.ആർ.രഘു,
   ഡെപ്യൂട്ടി സൂപ്രണ്ട് -കം- ഹെഡ്മാസ്റ്റർ, ഗവ. ജുവനൈൽ ഹോം, കൊല്ലം

പ്രസ്തുത സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് 10790- 18000 രൂപ ശമ്പള സ്കെയിലിൽ റൂൾസ് 28 (ബി) (i) ജനറൽ റൂൾസ് കെ.എസ്. & എസ്.എസ്.ആർ 1958 പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ സീനിയർ സൂപ്രണ്ട് തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകി, ചുവടെ വിവരിക്കും പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ. ജെയിംസ്, സ്റ്റോർകീപ്പർ-കം-ലോജിസ്റ്റിക് ആഫീസർ റീജിയണൽ അസി.ഡയറക്ടറുടെ കാര്യാലയം, എറണാകുളം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I, വൃദ്ധസദനം, തൃശൂർ |
| 2. | ശ്രീ. എം. ഫ്രാൻസിസ്, ജൂനിയർ സൂപ്രണ്ട് , ജില്ലാ സാമൂഹ്യക്ഷേമ ആഫീസ്, കണ്ണൂർ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I, ആശാഭവൻ (മെൻ) എറണാകുളം. |
| 3 | ശ്രീ. സിൽവസ്റ്റർ ഫെർണാണ്ടസ്, ജൂനിയർ സൂപ്രണ്ട് , ജില്ലാ സാമൂഹ്യക്ഷേമ ആഫീസ്, തൃശൂർ | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I, ഗവ. ജുവനൈൽ ഹോം, തൃശൂർ |
| 4 | ശ്രീ. എൽ. രാജൻ, ജൂനിയർ സൂപ്രണ്ട്, സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് | സീനിയർ സൂപ്രണ്ട് സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് (ആഡിറ്റ് സെൽ) |
| 5 | ശ്രീ. എം. എം.മോഹൻദാസ്, ജൂനിയർ സൂപ്രണ്ട്, ജില്ലാ സാമൂഹ്യക്ഷേമ ആഫീസ്, കോട്ടയം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I, വൃദ്ധസദനം, കാസർഗോഡ് |
| 6 | ശ്രീ. കെ.ആർ. ഷെല്ലി, ഡെപ്യൂട്ടി സൂപ്രണ്ട് -കം- ഹെഡ്മാസ്റ്റർ, ജുവനൈൽ ഹോം, കൊല്ലം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I, ഹോം ഫോർ മെന്റലി ഹാന്റി ക്യാപ്പ്ഡ് (മെൻ), കോഴിക്കോട് |

മുകളിൽ വിവരിച്ച സ്ഥാനക്കയറ്റത്തോടൊപ്പം ചുവടെ പേര് ചേർക്കുന്ന ജീവനക്കാർക്ക് ഭരണപരമായ കാരണങ്ങളാൽ അവരുടെ പേരിന് നേരെ കാണിച്ചിരിക്കുന്ന കാര്യാലയങ്ങളിലേക്കും തസ്തികയിലേക്കും സ്ഥലം മാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റം അനുവദിച്ച് നിയമിക്കുന്ന തസ്തികയും കാര്യാലയവും |
|---|---|---|
| 1 | ശ്രീമതി.സി.ജെ.മറിയാമ്മ, സൂപ്രണ്ട്, ഗ്രേഡ് I ഗവ.ജുവനൈൽ ഹോം, തൃശൂർ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ആഫീസർ, മുല്ലശ്ശേരി |
| 2 | ശ്രീമതി. വി.പി.ഓമന, സൂപ്രണ്ട്, ഗ്രേഡ് I ആശാഭവൻ (മെൻ), എറണാകുളം | സൂപ്രണ്ട്, ഗ്രേഡ് I ഗവ.ജുവനൈൽ ഹോം (ഗേൾസ്) എറണാകുളം |
| 3 | ശ്രീമതി. എം.സുധ, സൂപ്രണ്ട് ഗ്രേഡ് I, വൃദ്ധസദനം, തൃശൂർ | സൂപ്രണ്ട്, ആശാഭവൻ (വിമൻ), തൃശൂർ |
| 4 | ശ്രീമതി. കെ.പി.ലളിതാംബ, സൂപ്രണ്ട് ഗ്രേഡ് I ഹോം ഫോർ മെന്റലി ഹാന്റിക്യാപ്പ്ഡ് (മെൻ) കോഴിക്കോട് | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ആഫീസർ, കോഴിക്കോട് |
| 5 | ശ്രീമതി. അജിത വലിയപുരക്കൽ, ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ആഫീസർ, [illegible] | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ആഫീസർ, കോഴിക്കോട് അർബൻ II |

ജീവനക്കാരുടെ സ്ഥാനക്കയറ്റ ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കുന്നതിന് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും അവർ ബന്ധപ്പെട്ട തസ്തികകളിൽ ചുമതല ഏറ്റെടുത്തുകൊണ്ടുള്ള റിപ്പോർട്ട് അതാത് സാമൂഹ്യക്ഷേമ ആഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ രണ്ട് വർഷക്കാലയളവിനുള്ളിൽ ഒരു വർഷത്തെ പ്രൊബേഷനിലായിരിക്കും.

[illegible] ജീവനക്കാർ [illegible] തസ്തികയിൽ ചുമതല ഏറ്റെടുക്കേണ്ടതും, ചുമതല ഏറ്റെടുത്തുകൊണ്ടുള്ള റിപ്പോർട്ട് സാമൂഹ്യക്ഷേമ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്

സാമൂഹ്യക്ഷേമഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് .

1. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2. എല്ലാ മേഖലാ അസി. ഡയറക്ടർമാർക്കും
3. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യക്ഷേമ ആഫീസർമാർക്കും
4. ബന്ധപ്പെട്ട പ്രോഗ്രാം ആഫീസർമാർക്കും
5. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും
6. ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻമേധാവികൾക്കും
7. ഡയറക്ടറുടെ/അഡീഷണൽ ഡയറക്ടറുടെ സി.എ
8. ഇ-2 മുതൽ ഇ-9 വരെ
9. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

നമ്പർ ഇ5-1400/08.

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി. 29-11-2008.

## ആഫീസ് ഉത്തരവ് നമ്പർ 31/08

വിഷയം:- സാമൂഹ്യക്ഷേമ വകുപ്പ് - സ്ഥാനക്കയറ്റം - ജൂനിയർ സൂപ്രണ്ടുമാർ ജോലിയിൽ പ്രവേശിച്ചത് - ചുമതലാക്രമീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന:- 1. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 26-11-08ലെ ഇ7/20459/08 നമ്പർ ഉത്തരവ്.
2. ശ്രീ. എൻ. രാജൻ, ജൂനിയർ സൂപ്രണ്ടിന്റെ 29-11-2008ലെ ജോയിനിംഗ് റിപ്പോർട്ട്.
3. ആഫീസ് ഉത്തരവ് നമ്പർ 30/08.

സൂചന ഒന്നിലെ ഉത്തരവിലൂടെ സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിൽ ജൂനിയർ സൂപ്രണ്ടായി നിയമിച്ചവർക്ക് ചുവടെ പറയും പ്രകാരം ആഫീസ് ചുമതലാക്രമീകരണം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | നിയമനം നൽകുന്ന സെക്ഷൻ | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ. എൻ. രാജൻ, ജൂനിയർ സൂപ്രണ്ട്. | ഡി സെക്ഷൻ | ശ്രീ. രാമചന്ദ്രൻ, ജൂനിയർ സൂപ്രണ്ടിൽ നിന്നും ചാർജ്ജ് ഏറ്റു വാങ്ങേണ്ടതാണ് |
| 2 | ശ്രീ. എൻ. യശോദാസൻ, ജൂനിയർ സൂപ്രണ്ട് | സി സെക്ഷൻ | |
| 3 | ശ്രീമതി. സി.കെ. സരസ്വതി ജൂനിയർ സൂപ്രണ്ട് | ജി സെക്ഷൻ | |
| 4 | ശ്രീമതി. എൻ. ഷക്കീല ബീവി ജൂനിയർ സൂപ്രണ്ട്. | ഇ സെക്ഷൻ | |
| 5 | ശ്രീമതി. വി. രേഖ ജൂനിയർ സൂപ്രണ്ട് | എ സെക്ഷൻ | |
| 6 | ശ്രീ. കെ. ജി. ചാറ്റർജി, ജൂനിയർ സൂപ്രണ്ട് | എച്ച് സെക്ഷൻ | |

സാമൂഹ്യക്ഷേമ ഡയറക്ടർക്കു വേണ്ടി.

ബന്ധപ്പെട്ടവർക്ക്

പകർപ്പ്:-
1. എല്ലാ സെക്ഷൻ മേധാവികൾക്ക്.
2. എല്ലാ യൂണിറ്റ് ആഫീസർമാർക്ക്.
3. അഡീഷണൽ ഡയറക്ടറുടെ സി.എ.
4. ഡയറക്ടറുടെ സി.എ.
5. സ്റ്റോക്ക് ഫയൽ.